# ഗവ. ടൗൺ യു പി എസ്
# കിളിമാനൂർ

## അക്കാദമിക മാസ്റ്റർ പ്ലാൻ

2025-26

# ദിശ 

Poster Maker

# ഗവ.ടൗൺ യു. പി. എസ് കിളിമാനൂർ

## സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം

## അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26



# ഗവ.ടൗൺയുപിഎസ് കിളിമാനൂർ

## അടിസ്ഥാന വിവരങ്ങൾ

## (വിദ്യാലയ സമഗ്ര ഗുണമേന്മ വികസന പദ്ധതി 02.06.2025 മുതൽ 31.03.2025 വരെ)

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | :ഗവ.ടൗൺ യുപിഎസ് കിളിമാനൂർ |
| സ്കൂൾ കോഡ് | :42440 |
| ആൺകുട്ടികൾ /പെൺകുട്ടികൾ /മിക്സഡ് | : മിക്സഡ് |
| സർക്കാർ /എയ്ഡഡ് /അൺ എയ്ഡഡ് | : സർക്കാർ |
| ക്ലാസ്സ് | :1 മുതൽ 7 വരെ |
| വകുപ്പ് | : ജനറൽ വിദ്യാഭ്യാസം |
| വിദ്യാഭ്യാസ ഉപജില്ല | :കിളിമാനൂർ |
| വിദ്യാഭ്യാസ ജില്ല | : ആറ്റിങ്ങൽ |
| അസംബ്ലി മണ്ഡലം | : ആറ്റിങ്ങൽ |
| പാർലമെന്റ് നിയോജകമണ്ഡലം | : ആറ്റിങ്ങൽ |
| ഗ്രാമം /നഗരം | : ഗ്രാമം |
| ബ്ലോക്ക് | : കിളിമാനൂർ |
| താലൂക്ക് | : ചിറയൻകീഴ് |
| ഗ്രാമപഞ്ചായത്ത് | : പഴയ കുന്നുമ്മേൽ |
| സ്കൂൾ സ്ഥാപിച്ച വർഷം | :1923 |
| ആൺകുട്ടികൾ | :291 |
| പെൺകുട്ടികൾ | :257 |
| ആകെ കുട്ടികൾ | :548 |
| ഹെഡ്മിസ്ട്രസ് | : സജിത സി എസ്സ് |
| ഇ- മെയിൽ | :gtupskilimanoor@gmail.com |

# ആമുഖം

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങളുടെ അക്കാദമിക- ഭൗതിക ഗുണമേന്മ വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് അക്കാദമിക മാസ്റ്റർ പ്ലാനുകൾ വിഭാവനം ചെയ്തിരിക്കുന്നത്. എല്ലാ അക്കാദമിക വർഷവും നമ്മുടെ മുന്നിലേക്ക് എത്തുന്ന കുഞ്ഞുങ്ങളുടെ മികവ് വർദ്ധിപ്പിക്കുകയും ഉന്നതിയിലേക്ക് എത്തിക്കുകയും എന്നതാണ് അക്കാദമിക പ്ലാനിന്റെ ആത്യന്തികമായ ലക്ഷ്യം. എല്ലാ അക്കാദമിക് വർഷവും മുൻ മാസ്റ്റർ പ്ലാനുകളിൽ നിന്ന് വ്യക്തമായ മാറ്റങ്ങൾ വരുത്തിയാണ് ഇവ തയ്യാറാക്കുന്നത്. മുൻവർഷത്തിലെ മികവുകൾ നടപ്പു വർഷത്തിലും, കൂടുതൽ മികവോടെ ആവർത്തിക്കാനും, പോരായ്മകൾ പരിഹരിച്ചു മുന്നേറാനും സഹായകമാകും.

പൊതു വിദ്യാഭ്യാസ വകുപ്പിന്റെ എല്ലാ പ്രോജക്ടുകളും, തനതു പ്രവർത്തനങ്ങളും മികവുറ്റ രീതിയിൽ ഏറ്റെടുത്തു പ്രാവർത്തികമാക്കുന്ന വിദ്യാലയമാണ്. ഗവ. ടൗൺ യു. പി. എസ്. കിളിമാനൂർ. പൊതു സമൂഹത്തിന്റെ പിന്തുണ കൊണ്ട് വരും വർഷങ്ങളിലും മികവ് തുടർന്ന് കൊണ്ടേയിരിക്കാനുള്ള പരിശ്രമത്തിലാണ് ഞങ്ങൾ ഓരോരുത്തരും. അതിനു ശക്തി പകരാൻ ഉതകുന്ന രീതിയിലാണ് മാസ്റ്റർ പ്ലാൻ തയാറാക്കിയിട്ടുള്ളത്.

# സ്കൂളിന്റെ ചരിത്രവും വളർച്ചയും

1920 കളുടെ ആരംഭത്തിൽ ഇന്നത്തെ ഗവൺമെന്റ് എച്ച്എസ്എസിന്റെ പൂർവ്വരൂപമായ ഗവൺമെന്റ് മെഡിക്കൽ സ്കൂൾ മാത്രമായിരുന്ന ഈ പ്രദേശത്തെ ഏക വിദ്യാഭ്യാസ സ്ഥാപനം. ഈ കാലയളവിൽ നാട്ടിൽ ആകമാനം പ്രാഥമിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ രൂപം കൊണ്ടു. ഇതിനു നേതൃത്വം നൽകിയത് സാമൂഹ്യ പരിഷ്കർത്താക്കളും ദേശീയ സ്വാതന്ത്ര്യ പ്രസ്ഥാനവും ആയിരുന്നു.

കിളിമാനൂർ എസ്എൻഡിപി യൂണിയനാണ് നമ്മുടെ സ്കൂളിന്റെ സ്ഥാപകർ. ശ്രീ വട്ടവിള പത്മനാഭൻ പ്രസിഡണ്ടും നെല്ലിക്കാട്ടിൽ കുഞ്ഞു ശങ്കരൻ സെക്രട്ടറിയും കുന്നിൽ എംകെ മാധവൻ ഖജാൻജിയുമായ യൂണിയനാണ് ഇതിനു നേതൃത്വം നൽകിയത്

കൊല്ലവർഷം 1098 ഇടവമാസത്തിലെ രണ്ടാമത്തെ തിങ്കളാഴ്ച(1923 ജൂൺ ) രാവിലെ പത്തിന് യൂണിയൻ പ്രസിഡന്റ് വസതിയായ വട്ടവിള വീട്ടിലായിരുന്നു ഉദ്ഘാടനം.

സ്ഥാപകനും മാനേജരുമായ നെല്ലിക്കാട്ടിൽ ശ്രീകുഞ്ഞുശങ്കരനായിരുന്നു ആദ്യത്തെ ഹെഡ്മാസ്റ്റർ. കിളിമാനൂരിലെ പ്രമുഖ തറവാടായിരുന്ന കിഴക്കേടത്തു വീട്ടുവളപ്പിലെ വലിയ കളിയിലിലാണ് ആദ്യത്തെ ആറുമാസം ക്ലാസ് നടത്തിയത്. ആദ്യം ഒന്നാം ക്ലാസ് മാത്രമാണ് ഉണ്ടായിരുന്നത് തുടർന്ന് കിഴക്കേടത്ത് അമ്പലത്തിലെ തെക്കുവശത്തുള്ള തൊടിയിൽ മൂന്നു ക്ലാസ്സുള്ള പച്ച മൺ കട്ട കെട്ടിയ കെട്ടിടം പണിതു.

1923- 24 ൽ ഊമൺ പള്ളിക്കര എസ് എൻ പി യുപിഎസ് എന്ന പേരിൽ അംഗീകാരം നേടി. സ്കൂളിന് തൊട്ടടുത്ത് ഒരു വലിയ പുളിമരം നിന്നിരുന്നത് കൊണ്ട് പുള്ളിയുടെ മൂട്ടിൽ പള്ളിക്കൂടം എന്നായിരുന്നു വിളിപ്പേര്.

1924 -25 ൽ രണ്ടാം ക്ലാസും അടുത്തവർഷം മൂന്നാം ക്ലാസും അനുവദിച്ചു. ഗ്രാൻഡും അനുവദിക്കപ്പെട്ടു. 1930 ൽ നാലാം ക്ലാസും അറബി ക്ലാസും അനുവദിച്ചു.

1930 ൽ മാനേജരുടെ സ്വന്തം പുരയിടത്തിൽ പുതിയ കെട്ടിടം വന്നു. മാനേജ്മെന്റ് സ്കൂളുകൾ ഗവൺമെന്റ് ഏറ്റെടുക്കാൻ സന്നദ്ധമായി. 117 സ്കൂളുകൾ ഏറ്റെടുത്തുകൊണ്ട് 1124 ചിങ്ങം 27 ന് ഉത്തരവ് വന്നു. ഈ ഉത്തരവിൽ നമ്മുടെ സ്കൂളും ഉൾപ്പെട്ടിരുന്നു.

1123 കർക്കിടകം ഒന്നാം തീയതി മുതൽ പ്രാബല്യം കിട്ടിയ ഊ മൺ പള്ളിക്കര എസ്എൻവി യുപിഎസ് 1/02/1123 ൽ ഊമൺ പള്ളിക്കര ഗവൺമെന്റ് എൽപിഎസ് ആയി. 1967 യുപി സ്കൂൾ ആയി അപ്ഗ്രേഡ് ചെയ്യപ്പെട്ടു.

ഒരു കളിയിലി ൽ പ്രവർത്തനം ആരംഭിച്ച ഈ സ്കൂളിന് ഇന്ന് ഒരു ഏക്കറോളം ഭൂമിയുണ്ട്. ഒരു മൂന്ന നില കെട്ടിടവും ഒരു രണ്ട് നില കെട്ടിടവും കൂടാതെ വീണ്ടും ഒരു മൂന്ന നില കെട്ടിടത്തിന് അനുമതിയും ലഭിച്ചിട്ടുണ്ട് അതിന്റെ പണി നടന്ന വരുന്നുണ്ട്. നല്ല ഒരു കളി സ്ഥലത്തിന്റെ കുറവ് ഇവിടെ ഉണ്ട്.

പാഠ്യപാഠ്യേതര രംഗങ്ങളിൽ ഉപജില്ലയിൽ നമ്മുടെ വിദ്യാലയത്തിന് നേതൃസ്ഥാനം ഉണ്ട്. LSS, USS തുടങ്ങിയ പൊതു പരീക്ഷകൾ, കലോത്സവം, ശാസ്ത്രോത്സവം, ശാസ്ത്രമേളകൾ എന്നിവയ്ക്ക് ഒന്നാം സ്ഥാനമോ രണ്ടാം സ്ഥാനമോ കൈവരിക്കാൻ എല്ലാ വർഷവും നമുക്ക് കഴിയാറുണ്ട്.

* ഓരോ ക്ലാസിലും ഓരോ വിഷയങ്ങളുമായി ബന്ധപ്പെട്ട് നേടേണ്ട മുഴുവൻ ശേഷികളും കുട്ടിക്ക് ലഭ്യമായ ഉറപ്പാക്കുക

* ഓരോ കുട്ടിയിലും ഉള്ള കഴിവുകൾ കണ്ടെത്തുകയും അത് പരിപോഷിപ്പിക്കാൻ ആവശ്യമായ അവസരങ്ങളെ സൃഷ്ടിക്കുകയും ചെയ്യുക

* ഓരോ വിഷയങ്ങളുമായി ബന്ധപ്പെട്ട് മികവാർന്ന പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്നതിന് അധ്യാപകർക്ക് വിവിധ പരിശീലനങ്ങൾ നൽകുക

*ICT അധിഷ്ഠിത പഠനത്തിന് ആവശ്യമായ ഭൗതിക സൗകര്യങ്ങളും അക്കാദമിക തയ്യാറെടുപ്പുകളും ഉറപ്പാക്കുക

* മുഴുവൻ ക്ലാസുകളിലും ഐസിടി സാധ്യത ഉറപ്പുവരുത്തുക

* പാഠ്യപാഠ്യേതര പ്രവർത്തനങ്ങൾക്കാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുക

* പഠന പിന്നോക്കാവസ്ഥ നേരിടുന്നവരെ കണ്ടെത്തി അവർക്കാവശ്യമായ ക്ലാസുകളും പഠനതന്ത്രങ്ങളും ആവിഷ്കരിക്കുക

* വിദ്യാലയം തന്നെ പാഠപുസ്തകം എന്ന രീതിയിലേക്ക് വിദ്യാലയത്തിന്റെ ഭൗതിക അന്തരീക്ഷം മാറ്റിയെടുക്കുക

* മുഴുവൻ കുട്ടികൾക്കും ശാസ്ത്ര പഠനത്തിലെ എല്ലാ നൈപുണികളും സ്വായത്തമാക്കാൻ ഉതകും വിധം ലാബുകൾ സജ്ജമാക്കുക

* പുതിയ തലമുറയിൽ കൃഷിയോടുള്ള താല്പര്യം വളർത്തിയെടുക്കുക

* ജൈവവൈവിധ്യ ഉദ്യാനം, ഔഷധ ഉദ്യാനം എന്നിവ സംരക്ഷിക്കുക, കൂടുതൽ മെച്ചപ്പെടുത്തുക

* കുട്ടികളിൽ വായനയെ പരിപോഷിപ്പിക്കുന്നതിനായി ലൈബ്രറി ശാക്തീകരണം നടപ്പിലാക്കുക

* മാലിന്യ സംസ്കരണത്തിന് സാധ്യമായ വിവിധ മാർഗങ്ങൾ വിദ്യാലയത്തിൽ നടപ്പിലാക്കുക

* കുട്ടികളിലെ കായിക ക്ഷമത ഉറപ്പുവരുത്തുന്നതിന് ആവശ്യമായ രീതിയിൽ കായിക പ്രവർത്തനങ്ങൾ നടപ്പിലാക്കുക

* കുട്ടികൾക്കായി ഗൈഡൻസ് കൗൺസിലിംഗ് സൗകര്യങ്ങൾ ഒരുക്കുക

* സ്കൂൾ റേഡിയോ മെച്ചപ്പെട്ട രീതിയിൽ നടപ്പിലാക്കുക

## വിവിധ ക്ലബ്ബുകൾ

1.വിദ്യാരംഗം

2.ഇംഗ്ലീഷ് ക്ലബ്

3.സയൻസ് ക്ലബ്

4.ഗണിത ക്ലബ്

5.സാമൂഹ്യ ശാസ്ത്ര ക്ലബ്

6.ആരോഗ്യ ക്ലബ്

7.ലഹരി വിരുദ്ധ ക്ലബ്

8.പരിസ്ഥിതി ക്ലബ്

9.ഊർജ ക്ലബ്.

10.സുരക്ഷാ ക്ലബ്

## അവസ്ഥാ പഠനം

**ഭൗതികാവസ്ഥ:**

നിലവിൽ നമ്മുടെ സ്കൂളിൽ അഞ്ചു കെട്ടിടങ്ങളിൽ ആയി 33 ക്ലാസ് മുറികൾ ഉണ്ട്. 9 സ്മാർട്ട് ക്ലാസ്സ് മുറികളും ഉണ്ട്. ജലലഭ്യതയ്ക്കായി കിണർ,പൈപ്പ് ലൈൻ വാട്ടർ എന്നിവ ഉപയോഗിക്കുന്നു. സ്കൂളിലെ കുട്ടികളെ കൊണ്ടുവരാനായി സ്കൂൾ ബസ് കൂടാതെ മൂന്ന് പ്രൈവറ്റ് വാഹനങ്ങളും ഉപയോഗിക്കുന്നു.

ഈ അധ്യയന വർഷം ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി ശ്രീ ശിവൻകുട്ടി പുതിയ കെട്ടിടത്തിന് ശിലാസ്ഥാപനം നിർവഹിച്ചു. വിദ്യാഭ്യാസ വകുപ്പിന്റെയും പഞ്ചായത്തിന്റെയും സഹകരണത്തോടുകൂടി സ്കൂളിന്റെ ചുറ്റുമതിൽ, മുറ്റം ഇന്റർലോക്ക്, ഗേറ്റ് എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ചു. ടോയ്ലറ്റ് ബ്ലോക്കിന്റെ നിർമ്മാണം നടന്നുവരുന്നു.

**പരിമിതികൾ**

♦ സ്കൂളിലേക്ക് വരുന്ന റോഡിലെ വെള്ളക്കെട്ട് കുട്ടികൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്നു. ഇത് ഒഴിവാക്കാൻ നടപടികൾ സ്വീകരിക്കണമെന്നനിവേദനവും നൽകിയിട്ടുണ്ട്

♦ സയൻസ് ലാബ്, ഐടി ലാബ് എന്നിവ പരിമിതമായ സൗകര്യത്തിലാണ് ഉള്ളത്. അത് കൂടുതൽ വിപുലപ്പെടുത്തേണ്ടതാണ്

♦ ചില ക്ലാസ് മുറികളിൽ കാലപ്പഴക്കം കാരണം ചോർച്ച ഉണ്ടായിട്ടുണ്ട്.

♦ കുട്ടികളുടെ എണ്ണത്തിനനുസരിച്ചുള്ള ഫർണിച്ചറുകൾ ഇവിടെ ലഭ്യമല്ല.

♦ കുട്ടികൾക്ക് ആഹാരം കഴിക്കുന്നതിനായി നല്ലൊരു ഊട്ടുപുര ആവശ്യമാണ്

♦ പ്രീപ്രൈമറി കുട്ടികളുടെ ക്ലാസ് മുറികൾ കൂടുതൽ ആകർഷകമാക്കേണ്ടതും അവർക്ക് അതിനോട് അനുബന്ധിച്ച് ആഹാരം കഴിക്കാനുള്ള ഊട്ടുപുരയും കൈ കഴുകാനുള്ള സൗകര്യവും വേണം

**അക്കാദമിക നേട്ടങ്ങൾ**

♦2024-25 വർഷത്തെ എൽഎസ്എസ് യുഎസ്എസ് പരീക്ഷയിൽ മികച്ച വിജയം

♦ ജില്ലാതല- സബ്ജില്ലാതല കലോത്സവങ്ങളിലെ ഒന്നാം സ്ഥാനങ്ങൾ

♦ ശാസ്ത്ര, ഗണിതശാസ്ത്ര, സാമൂഹ്യശാസ്ത്ര, പ്രവർത്തിപരിചയ, IT മേളകളിലെ മിന്നുന്ന പ്രകടനം

♦ നിരവധി പ്രശ്നോത്തരികൾ ജില്ലാതല സബ്ജില്ലാതലങ്ങളിലെ ഒന്നാം സ്ഥാനങ്ങൾ

# <u>അക്കാദമിക മാസ്റ്റർ പ്ലാൻ-വിശദവിവരങ്ങൾ</u>

*മനുഷ്യനിലുള്ള സമ്പൂർണ്ണതയുടെ ആവിഷ്കാരമാണ് വിദ്യാഭ്യാസം* എന്ന സ്വാമി വിവേകാനന്ദന്റെ വാക്കുകൾ വിദ്യാലയത്തിന്റേയും വിദ്യാഭ്യാസത്തിന്റേയും പ്രാധാന്യത്തെ വിളിച്ചോതുന്നു. ഈ ആശയത്തെ അന്വർത്ഥമാക്കുന്ന രീതിയിലായിരിക്കണം ഒരു അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്. അക്കാദമിക മാസ്റ്റർ പ്ലാൻ ഒരു വിദ്യാഭ്യാസ സ്ഥാപനത്തിന്റെ ദീർഘകാല ശാസ്ത്രീയവികസനത്തിനായുള്ള പ്രക്രിയയാണ് ഇത് വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തുകയും പഠന പഠനേതരപ്രവർത്തനങ്ങളെ സുസ്ഥിരമാക്കുന്ന സമഗ്ര വികസന പദ്ധതിയാണ്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ്. അതിനായി അക്കാദമിക രംഗത്തും കലാ കായിക പ്രവൃത്തിപരിചയ രംഗത്തു കുട്ടികളുടെ മികവ് തെളിയിക്കാനുള്ള അവസരം കുട്ടികൾക്ക് ലഭ്യമാകണം. ഇത്തരത്തിൽ മികച്ച പ്രവർത്തനങ്ങൾ കാഴ്ച വയ്ക്കുന്നതിന് ചിട്ടയായ ആസൂത്രണം ആവശ്യമാണ്. ഇത്തരത്തിൽ വിദ്യാർത്ഥികളുടെ സമഗ്രവികസനം സാധ്യമാക്കുന്ന രീതിയിലുള്ള അക്കാദമിക മാസ്റ്റർ പ്ലാന്റെ വിശദവിവരങ്ങളാണ് ചുവടെ ചേർക്കുന്നത്.

## ലക്ഷ്യങ്ങൾ

- വിദ്യാഭ്യാസ നിലവാരം ഉയർത്തൽ
- മികച്ച പാഠ്യപദ്ധതികൾ രൂപകല്പന ചെയ്യുക
- ഓരോ അദ്ധ്യാപികയും ആധുനിക സാങ്കേതിക വിദ്യയുടേയും കൂടി സഹായത്താൽ നിരന്തരം അറിവുകൾ പുനർനിർമ്മിക്കുകയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുകയും ചെയ്യുക
- അദ്ധ്യാപന മാർഗ്ഗങ്ങൾ പുതുക്കുകയും മൂല്യനിർണ്ണയ പ്രക്രിയകളെ മെച്ചപ്പെടുത്തുകയും ചെയ്യുക
- വിദ്യാർത്ഥികളുടെ സമഗ്ര വികസനം സാധ്യമാക്കുക
- വ്യക്തിത്വ വികസനത്തിനും നൈതിക മൂല്യങ്ങൾ വളർത്തുന്നതിനും സഹായകരമായ പരിപാടികൾ
- സംഘടിപ്പിക്കുക
- ദൈനംദിന പ്രവർത്തനങ്ങൾക്ക് ദിശാബോധം നല്കുക
- സാമൂഹിക ഉത്തരവാദിത്വബോധം വളർത്തുന്ന പരിപാടികൾ വിദ്യാലയത്തിൽ നടപ്പിലാക്കുക
- ഭരണസംവിധാനങ്ങൾ പരിപാലിക്കുന്നതിന് ആവശ്യമായ ദിശാബോധം നല്കുക
- ഓരോ വിദ്യാർത്ഥിക്കും വിദ്യാലയന്തരീക്ഷവും പഠനപ്രവർത്തനവും അങ്ങേയറ്റം ആസ്വാദ്യകരമാക്കുക
- ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് പഠനപ്രവർത്തനങ്ങൾ താൽപ്പര്യജനകവും ആസ്വാദ്യകരവും ആക്കാൻ കുട്ടികളെ പ്രാപ്തരാക്കുക
- ഓരോ വിദ്യാർത്ഥിയേയും ഒരു യൂണിറ്റായി കണ്ടുകൊണ്ട് അവരുടെ പരമാവധി വികാസം സാധ്യമാകുന്ന തരത്തിൽ വിദ്യാലയത്തെ സജ്ജമാക്കുക
- പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ അക്കാദമിക ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യുക.
- തുടർച്ചയായതും സമഗ്രവുമായ മൂല്യനിർണ്ണ പ്രക്രിയ വിലയിരുത്തലിന്റെ അവിഭാജ്യ ഘടകമാക്കി മാറ്റുക. ഇതിലൂടെ കുട്ടികളുടെ അതത് സമയത്തെ പഠനനില കണ്ടെത്തുന്നതിനും പുനരുഭവം ഒരുക്കാനും സഹായകരമായ രീതിയിൽ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യൽ

- സുസ്ഥിര വികസന കാഴ്ചപ്പാടിലൂന്നി വിദ്യാലയത്തിലെ വിഭവങ്ങൾ (ഉദ്യാനം, മൈതാനം, കാർഷിക ഉത്പന്നങ്ങൾ, ഔഷധത്തോട്ടം,ശലഭോദ്യാനം etc) രൂപകല്പന ചെയ്യുന്നതിനും ഉപയോഗിക്കുന്നതിനും വിദ്യാർത്ഥികളെ സജ്ജരാക്കുക
- മാലിന്യമുക്ത വിദ്യാലയം, ഹരിത വിദ്യാലയം, സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം, വേസ്റ്റ് മാനേജ്മെന്റ്, വ്യക്തി ശുചിത്വം ഇടങ്ങിയവ കൃത്യമായി നടപ്പിലാക്കാൻ വിദ്യാർത്ഥികളെ സജ്ജരാക്കുക
- ജൈവവൈവിധ്യ കലവറയായി വിദ്യാലയത്തെ മാറ്റുക
- പോക്സോ സംബന്ധമായ ബോധവൽക്കരണം
- ലഹരി ഉപയോഗം, മൊബൈൽ അഡിക്ഷൻ എന്നിവയ്ക്കെതിരെയുള്ള ബോധവൽക്കരണം
- ആരോഗ്യകരമായ സ്ത്രീ പുരുഷ ബന്ധത്തെക്കുറിച്ചും തുല്യതയെക്കുറിച്ചും ലിംഗസമത്വത്തെക്കുറിച്ചും കാഴ്ചപ്പാട് സ്കൂൾ കാലഘട്ടത്തിൽ തന്നെ കുട്ടികൾക്കുണ്ടാക്കാനാവശ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക
- സമഗ്ര പഠന പുരോഗതി രേഖ തയ്യാറാക്കി ഓരോ കുട്ടിയും മികവിന്റെ ഉടമകളാകുന്നു എന്ന് രക്ഷാകർത്താക്കളെയും പൊതുസമൂഹത്തെയും ബോധ്യപ്പെടുത്തുക

**അക്കാദമിക പ്രവർത്തനങ്ങൾ / പ്രവർത്തന രൂപരേഖ**

**പദ്ധതി രൂപീകരണ പ്രക്രിയകൾ- വിവിധ ഘട്ടങ്ങൾ**

1. വികസനാവശ്യങ്ങൾ ക്ലാസ്സ് വിഷയം അടിസ്ഥാനത്തിൽ ഭൗതികം, അക്കാദമികം, സാമൂഹികം എന്നിങ്ങനെ തിരിച്ച് കരട് രൂപരേഖ തയ്യാറാക്കൽ
2. കരട് രൂപരേഖ ജനപ്രതിനിധികൾ, SRG, PTA, OSA, SMC, എന്നിവരടങ്ങുന്ന ശില്പശാലയിൽ അവതരിപ്പിക്കൽ
3. ശില്പശാലയിൽ ഉയർന്നു വരുന്ന നിർദ്ദേശം കൂട്ടിച്ചേർക്കൽ
4. തുടർന്ന് PTA നേതൃത്വത്തിൽ ക്രോഡീകൃത പദ്ധതി രേഖ തയ്യാറാക്കൽ

**<u>മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ-ഒറ്റനോട്ടത്തിൽ</u>**

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| • വായന പരിപോഷണം<br>• ഭാഷാശേഷി വികസനം<br>• പ്രതിഭാ പരിപോഷണം<br>• ഗണിതശേഷി വികസനം<br>• റീഡേഴ്സ് തീയേറ്റർ<br>• ദിനാചരണങ്ങൾ<br>• സ്കൂൾ റേഡിയോ<br>• ഗവേഷണാത്മക പ്രവർത്തനങ്ങൾ<br>• ഗണിത ശില്പശാല<br>• മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ<br>• പി റ്റി എ സജീവമാക്കൽ | • ലൈബ്രറി<br>• ക്ലാസ്സ് മുറികൾ<br>• കുടിവെള്ള വിതരണം<br>• അസംബ്ലി ഹാൾ<br>• മാലിന്യ സംസ്കരണം<br>• ടോയ് ലറ്റ്<br>• അടുക്കള<br>• ഡൈനിംഗ് ഹാൾ<br>• ശാസ്ത്ര ലാബുകൾ<br>• കമ്പ്യൂട്ടർ ലാബ്<br>• ലാംഗ്വേജ് ലാബ് | • പി റ്റി എ ശക്തിപ്പെടുത്തൽ<br>• എസ്.എം.സി.<br>• വിദ്യാലയ വികസന സമിതി<br>• എൽ.എസ്.ജി. ബന്ധം<br>• ഗ്രന്ഥ ശാലകൾ, ക്ലബ്ബുകൾ, സന്നദ്ധ സംഘടനകൾ<br>• വിദ്യാഭ്യാസ |

| | | |
|---|---|---|
| • അദ്ധ്യാപക ശാക്തീകരണം<br>• എസ് ആർ ജി ശാക്തീകരണം<br>• ശാസ്ത്രാഭിരുചി വളർത്തുന്നതിനുള്ള പരിപാടികൾ<br>• ലൈബ്രറി ശാക്തീകരണം<br>• ലബോറട്ടറി ആധുനികവൽക്കരിക്കൽ<br>• പഠനയാത്ര, ഫീൽഡ് ട്രിപ്പ്<br>• സോഷ്യൽ ഓഡിറ്റിംഗ്<br>• ലാംഗ്വേജ് ലാബ്<br>• ഐ.ടി. പരിശീലനം<br>• സ്കൂൾ പത്രം മാസിക,ഡിജിറ്റൽ മാഗസിൻ<br>• ബോധവൽക്കരണ ക്ലാസ്സുകൾ<br>• പോഷകാഹാര പരിപാടി<br>• രചനാ ശില്പശാല<br>• കലാകായിക പ്രവൃത്തി പരിചയ പരിശീലനം<br>• യോഗ, സുംബ ഡാൻസ്<br>• പച്ചക്കറി തോട്ട പരിപാലനം | • കളിസ്ഥലം<br>• ജൈവവൈവിധ്യ ഉദ്യാനം<br>• പച്ചക്കറി തോട്ടം<br>• ശലഭോദ്യാനം | പ്രവർത്തകർ, പൂർവ്വാധ്യാപകർ, സഹകരണ സ്ഥാപനങ്ങൾ, വ്യവസായ ഗ്രൂപ്പുകൾ എന്നിവരുടെ സേവനം പ്രയോജനപ്പെടുത്തൽ<br>• ഭവന സന്ദർശനം<br>• വിദ്യാലയ മികവുകൾ പൊതുസമൂഹവുമായി പങ്കിടൽ<br>• റിസോഴ്സ് മാപ്പിംഗ്<br>• പൂർവ്വ വിദ്യാർത്ഥി സംഘടനകൾ<br>• ക്ലാസ്സ് പി.റ്റി.എ. മാതൃകപരമാക്കുന്നതിനുള്ള നടപടികൾ |

# പദ്ധതി വിശദാംശങ്ങൾ-LP

## മലയാളം

പ്രവർത്തനത്തിന്റെ പേര് : മലയാള ഭാഷയെ അറിയൽ

ഉപമേഖല : മലയാളം ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| അക്ഷരങ്ങൾ ഉറപ്പിക്കൽ | അക്ഷരങ്ങളുടെ വീഡിയോ പ്രദർശനം, ഫ്ലാഷ് കാർഡ്, അക്ഷര കാർഡ് എന്നിവയുടെ ഉപയോഗം | | മലയാളം അദ്ധ്യാപകർ |
| | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട പുതിയ പദങ്ങളുടെ ഉപയോഗം | എല്ലാ ദിവസവും | |
| | കണ്ടു വായന, കണ്ടെഴുത്ത്, സംയുക്ത ഡയറി, സചിത്ര പുസ്തകം | എല്ലാ ദിവസവും | മലയാളം അദ്ധ്യാപകർ |

പ്രവർത്തനത്തിന്റെ പേര് :മലയാളം വാക്യ നിർമ്മാണം

ഉപമേഖല :മലയാളം ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| മലയാളം വാക്യ രചന ഘടന | വാക്യ ഘടന പ്രദർശിപ്പിക്കുന്ന ചാർട്ട്, വായന കാർഡ്, പുസ്തക വായന, ചിത്ര വിവരണം എന്നീ പ്രവർത്തനങ്ങൾ | എല്ലാ ദിവസവും | മലയാളം അദ്ധ്യാപകർ |

പ്രവർത്തനത്തിന്റെ പേര് : ഡയറി, വിവരണം, കത്ത് എന്നിവ തയ്യാറാക്കൽ

ഉപമേഖല : മലയാളം ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| തെറ്റില്ലാതെ മലയാളം എഴുതാനുള്ള ശേഷി നേടൽ | ഡയറി എഴുത്ത്, വിവരണം തയ്യാറാക്കൽ, കത്തുകൾ തയ്യാറാക്കൽ, സർഗാത്മക ഡയറി ഇടങ്ങിയ പ്രവർത്തനങ്ങൾ | എല്ലാ ദിവസവും | മലയാളം അദ്ധ്യാപകർ |

പ്രവർത്തനത്തിന്റെ പേര് :സർഗ്ഗശേഷികളുടെ പരിപോഷണം

ഉപമേഖല : മലയാളം ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഭാഷാവികസന ത്തൊടൊപ്പം സർഗാത്മക | കവിതാലാപനം, കഥാകഥനം, ദൃശ്യാവിഷ്കാരം, പാവനാടകം, റീഡേഴ്സ് തീയേറ്റർ പോലുള്ള വിവിധ തരം നാടകാവതരണങ്ങൾ, രചന മത്സരങ്ങൾ | എല്ലാ ദിവസവും | മലയാളം അദ്ധ്യാപകർ |

| | | | |
|---|---|---|---|
| കഴിവുകളുടെ വികസനവും | | | |

പ്രവർത്തനത്തിന്റെ പേര് : മലയാളം അസംബ്ലി

ഉപമേഖല : മലയാളം ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| മലയാളം ഭാഷ കൈകാര്യം ചെയ്യാനുള്ള കഴിവ് ആർജ്ജിക്കൽ | വിവിധ ക്ലാസ്സുകാർ ആഴ്ചയിൽ ഒന്ന വീതം അസംബ്ലിയിലെ എല്ലാ പരിപാടികളും (വാർത്ത, സമകാലീന ചോദ്യങ്ങൾ, പുസ്തകാസ്വാദന കുറിപ്പ് അവതരിപ്പിക്കൽ ,ഇന്നത്തെ ചിന്താവിഷയം അവതരിപ്പിക്കൽ) മലയാളത്തിൽ അവതരിപ്പിക്കുക | ആഴ്ചയിൽ ഒന്ന വീതം | ക്ലാസ്സ് ടീച്ചർ |

## ശാസ്ത്രപഠനം

പ്രവർത്തനത്തിന്റെ പേര് പ്രകൃതി നടത്തം, കൃഷി

ഉപമേഖല ശാസ്ത്രപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| കുട്ടികളിൽ നിരീക്ഷണ പാടവം, പ്രകൃതി സ്നേഹം, കൃഷിയോടുള്ള ആഭിമുഖ്യം എന്നിവ വളർത്തുന്നതിന് | പ്രകൃതിനടത്തം, ശലഭ പാർക്ക് നിർമ്മാണം, ഔഷധ തോട്ട നിർമ്മാണം, അടുക്കളത്തോട്ട നിർമ്മാണം, ഫീൽഡ് ട്രിപ്പ് (ജൈവവൈവിധ്യ ഉദ്യാനം, , വയൽ, കൃഷിയിടങ്ങൾ എന്നിവ സന്ദർശനം) | പാഠഭാഗ ങ്ങൾക്ക നുസൃതമാ യി | സയൻസ് ടീച്ചർ, സയൻസ് ക്ലബ് |

പ്രവർത്തനത്തിന്റെ പേര് പരീക്ഷണം

ഉപമേഖല ശാസ്ത്രപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| പരീക്ഷണങ്ങളിൽ ഏർപ്പെടാനും നിഗമനങ്ങളിൽ എത്തിച്ചേരാനും കണ്ടു പിടിത്തങ്ങളിലേർപ്പെടാനും ഉള്ള കഴിവ് കൈവരിക്കുക | പരീക്ഷണങ്ങളിലേർപ്പെടുക, വ്യത്യസ്ത പ്രശ്നങ്ങൾ അവതരിപ്പിച്ച് പരിഹാരം കണ്ടെത്തൽ | പാഠഭാഗ ങ്ങൾക്കനു സൃതമായി | സയൻസ് ടീച്ചർ, സയൻസ് ക്ലബ് |

**പ്രവർത്തനത്തിന്റെ പേര്**  **ശാസ്ത്രമേളകളിലെ പങ്കാളിത്തം**

**ഉപമേഖല**  **ശാസ്ത്രപാഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| --- | --- | --- | --- |
| ശാസ്ത്രമേളകളിലെ പങ്കാളിത്തത്തിലൂടെ ശാസ്ത്രാഭിരുചി വളർത്തൽ | ശേഖരണം, എക്സിബിഷൻ, മോഡൽ നിർമ്മാണം | പാഠഭാഗങ്ങ ൾക്കനുസൃത മായി | സയൻസ് ടീച്ചർ, സയൻസ് ക്ലബ് |

**പ്രവർത്തനത്തിന്റെ പേര് : സയൻസ് കോർണർ**

**ഉപമേഖല : ശാസ്ത്ര പാഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| --- | --- | --- | --- |
| ശാസ്ത്ര അഭിരുചി വളർത്തുന്നതിന് | ശാസ്ത്ര പ്രതിഭകളുമായി അഭിമുഖം, ശാസ്ത്ര പുസ്തക പരിചയം, വായന, ദിനാചരണ പ്രവർത്തനങ്ങൾ, ശാസ്ത്രജ്ഞരെ പരിചയപ്പെടുത്തൽ ( ICT സാധ്യത ഉപയോഗിച്ച്) | വർഷത്തിൽ പറ്റുന്ന അവസരങ്ങളി ൽ | സയൻസ് ടീച്ചർ, സയൻസ് ക്ലബ് |

**പ്രവർത്തനത്തിന്റെ പേര് : ശാസ്ത്ര നാടകം**

**ഉപമേഖല : ശാസ്ത്ര പാഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| --- | --- | --- | --- |
| ശാസ്ത്ര പാഠനത്തിലൂടെ സർഗാത്മക കഴിവുകൾ പരിപോഷിപ്പിക്കുക | പാഠ ഭാഗവുമായി ബന്ധപ്പെടുത്തി ശാസ്ത്ര നാടകങ്ങൾ അവതരിപ്പിക്കുകയും അതിന്റെ പ്രചാരണത്തിനായി പോസ്റ്റർ, നോട്ടീസ്, ക്ഷണക്കത്ത് എന്നിവ തയ്യാറാക്കൽ, കൂടാതെ ദിനാചരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പതിപ്പ് നിർമ്മാണം, ചിത്രരചന, പോസ്റ്റർ നിർമ്മാണം, പാഴ്വസ്തുക്കളിൽ നിന്ന് അലങ്കാര വസ്തു നിർമ്മാണം | പാഠഭാഗങ്ങൾ ക്കനുസരിച്ച് | സയൻസ് ടീച്ചർ, സയൻസ് ക്ലബ് |

# ENGLISH

| Aim | Activity | Time | Responsibility |
|---|---|---|---|
| Improve pronunciation, reading fluency and spelling accuracy | Phonics and sound relation<br>Teaching the relationship between letters and sounds(using letter card, word card, videos, word wall) | Daily | English teacher |
| Enhance vocabulary and comprehension through context | Using flash cards , pictures, visual aids, reading cards | Daily | English teacher |
| Improve listening comprehension and exposure to correct pronunciation | Listening to stories – Playing appropriate stories rhymes etc. | Daily | English teacher |
| Boost confidence in speaking skills and real life communication | Role playing and dramatization- students act out scenarios or dialogues | According to lesson | English teacher |
| Build grammar accuracy and writing fluency | Writing practice -Sentence formation, guided writing | Daily | English teacher |
| Promote team work and interactive learning | Collaborative tasks such as peer dialogues, group discussion | Daily | English teacher |

# ഗണിതം

**പ്രവർത്തനത്തിന്റെ പേര് : ഗണിതം മധുരം**

**ഉപമേഖല : ഗണിത പഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1 മുതൽ 10000 വരെ സംഖ്യകൾപരിചയ പ്പെടുന്നതിന് | സംഖ്യാ കാർഡ് സംഖ്യാ പോക്കറ്റ്, അബാക്കസ്, കളിനോട്ട്, പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ | എല്ലാ ദിവസവും | ഗണിത അദ്ധ്യാപിക |

**പ്രവർത്തനത്തിന്റെ പേര് : ഗണിതം മധുരം**

**ഉപമേഖല : ഗണിത പഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| കലണ്ടർ, സമയം എന്നിവ പരിചയപ്പെടുന്നതിന് | കലണ്ടർ നിർമ്മാണം,ക്ലോക്ക് നിർമ്മാണം, പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ | പാഠഭാഗങ്ങ ൾക്ക് അനുസരിച്ച് | ഗണിത അദ്ധ്യാപിക |

**പ്രവർത്തനത്തിന്റെ പേര് : ഗണിതം മധുരം**

**ഉപമേഖല : ഗണിത പഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| കളികളിലൂടെ ഗണിതത്തിൽ താത്പര്യം ഉണ്ടാക്കുക | ലൂഡോ,ചെസ്സ്, പാമ്പും കോണിയും തുടങ്ങി കളികളിലൂടെയുള്ള ഗണിതപഠനം | പാഠ ഭാഗങ്ങൾക്ക നുസരിച്ച് | ഗണിത അദ്ധ്യാപിക |

# പദ്ധതി വിശദാംശങ്ങൾ

## യു. പി. തലം

### മലയാളം

**പ്രവർത്തനത്തിന്റെ പേര് : ഡയറി, വിവരണം, കത്ത് എന്നിവ തയ്യാറാക്കൽ**

**ഉപമേഖല : മലയാളം ഭാഷാപഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| തെറ്റില്ലാതെ മലയാളം എഴുതാനുള്ള ശേഷി നേടൽ | ഡയറി എഴുത്ത്, വിവരണംതയ്യാറാക്കൽ, കത്തുകൾ തയ്യാറാക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ<br>ഐ.ടി. സാധ്യത ഉപയോഗിച്ച് മലയാളം ടൈപ്പിംഗ് പരിശീലനം. | എല്ലാ ദിവസവും | മലയാളം അദ്ധ്യാപകർ |

**പ്രവർത്തനത്തിന്റെ പേര് : വിവര സാങ്കേതിക വിദ്യയുടെ ഉപയോഗം**

**ഉപമേഖല : മലയാളം ഭാഷാപഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഭാഷ വികസനം സാധ്യമാക്കുന്നതിനും വായനശീലം വളർത്തുന്നതിനും, | • ക്ലാസ്സ് ലൈബ്രറി/വായനാ മൂല സജ്ജീകരിക്കൽ,<br>• ജന്മദിനത്തിന് ക്ലാസ്സ് ലൈബ്രറിക്കൊരു പുസ്തകം പദ്ധതി<br>• പുസ്തക പരിചയം, ആസ്വാദനക്കുറിപ്പ്, കഥാപാത്ര നിരൂപണം എന്നിവ തയ്യാറാക്കൽ | എല്ലാ ദിവസവും<br>എല്ലാ ജന്മ ദിനങ്ങളിലും<br>പാഠഭാഗങ്ങൾ ക്കനുസൃതമായി | മലയാളം അദ്ധ്യാപകർ |
| ഭാഷാ വികസനത്തിന് വിവര സാങ്കേതിക വിദ്യയുടെ ഉപയോഗം സാധ്യമാക്കുക | • ഐ.ടി. സാധ്യത ഉപയോഗിച്ച് മലയാളം ടൈപ്പിംഗ് പരിശീലനം., ഡിജിറ്റൽ സംവിധാനങ്ങൾ ഉപയോഗിച്ച് കഥകൾ, കവിതകൾ, നാടകങ്ങൾ എന്നിവ കാണൽ | പാഠഭാഗങ്ങൾ ക്കനുസൃതമായി | |

**പ്രവർത്തനത്തിന്റെ പേര് : മലയാളം അസംബ്ലി**

**ഉപമേഖല : മലയാളം ഭാഷാപഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| മലയാളം ഭാഷ കൈകാര്യം ചെയ്യാനുള്ള കഴിവ് ആർജ്ജിക്കൽ | വിവിധ ക്ലാസ്സുകാർ ആഴ്ചയിൽ ഒന്നു വീതം അസംബ്ലിയിലെ എല്ലാ പരിപാടികളും അവതരിപ്പിക്കുക, | ആഴ്ചയിൽ ഒന്നു വീതം | ക്ലാസ്സ് ടീച്ചർ |

**പ്രവർത്തനത്തിന്റെ പേര് : വായന**

**ഉപമേഖല : മലയാളം ഭാഷാപഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പു വരുത്തുക | പത്രം, ആഴ്ചപതിപ്പ്,മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണ ശ്രദ്ധ വളർത്തുകയും ചെയ്യുന്നു. | എല്ലാ ദിവസവും | ക്ലാസ്സ് ടീച്ചർ |
| | **വാർത്താവായന**<br>നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന ദൈനംദിന വാർത്തകൾ കുട്ടികളെക്കൊണ്ട് വായിപ്പിക്കുന്നു. | എല്ലാ ദിവസവും | |
| | **സ്കൂൾ റേഡിയോ**<br>ആനുകാലിക വിഷയങ്ങളും, സ്കൂൾതല പ്രവർത്തനങ്ങളും ആധാരമാക്കിയുള്ള വാർത്തകളും കവിതാലാപനം, കഥാകഥനം, സ്കിറ്റ് അവതരണം,ബോധവൽക്കരണ പരിപാടികൾ ഉടങ്ങിയവ സ്കൂൾ റേഡിയോ വഴി അവതരിപ്പിക്കൽ | ഓരോ ക്ലാസ്സും ആഴ്ചയിൽ ഒന്നു വീതം | |

**പ്രവർത്തനത്തിന്റെ പേര് : വായന മൂല**

**ഉപമേഖല : മലയാളം ഭാഷാപഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| കളികളിലൂടെയുള്ള പഠനം | • പദപ്രശ്നം, പഴഞ്ചൊല്ലുകൾ, ശൈലികൾ,കടങ്കഥകൾ എന്നിവയ്ക്ക് ഉത്തരം കണ്ടെത്താൻ പ്രോത്സാഹിപ്പിക്കുക<br>• വായിച്ച പുസ്തകങ്ങളുടെ ആസ്വാദന കുറിപ്പ് അവതരണം<br>• ചിത്ര വായന | ആഴ്ചയിൽ ഒരു തവണ | മലയാളം അദ്ധ്യാപകർ |

**പ്രവർത്തനത്തിന്റെ പേര് : സർഗ്ഗസല്ലാപം**

**ഉപമേഖല : മലയാളം ഭാഷാപഠനം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** |
|---|---|---|---|
| കുട്ടികളിലെ സർഗ്ഗാത്മക കഴിവുകൾ പരിപോഷിപ്പിക്കുക | പ്രാദേശികമായി ലഭ്യമാകുന്ന എഴുത്തുകാരുമായി സംവദിക്കാൻ കുട്ടികൾക്ക് അവസരം നൽകുക, | വർഷത്തിൽ പറ്റുന്ന അവസരങ്ങളിൽ | മലയാളം അദ്ധ്യാപകർ, വിദ്യാരംഗം കോ ഓർഡിനേറ്റർ |
| | പരിചയപ്പെട്ടിട്ടുള്ള സാഹിത്യസൃഷ്ടികളുടെ ദൃശ്യാവിഷ്കാരം, കവിതാലാപനം, കഥാകഥനം, വിവിധ തരത്തിലുള്ള ( പാവ നാടകം ഉടങ്ങിയ) നാടക അവതരണം, നൃത്താവിഷ്കാരം, ചോദ്യോത്തരവേള എന്നിവയിലൂടെ സർഗവേള പിരീഡുകൾ കാര്യക്ഷമമായി ഉപയോഗിക്കുക | ആഴ്ചയിൽ ഒരു തവണ | വിദ്യാരംഗം കോ ഓർഡിനേറ്റർ |

## ഹിന്ദി

**പ്രവർത്തനത്തിന്റെ പേര് : ഹിന്ദി ഭാഷ പരിചയപെടുത്തൽ**

**ഉപമേഖല : ഹിന്ദി ഭാഷാപഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| കളികളിലൂടെയുള്ള പഠനം | അക്ഷര കാർഡുകൾ, word card, പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട പുതിയ പദങ്ങൾ പരിചയപ്പെടുത്തൽ, അക്ഷരമാല പ്രദർശനം, അക്ഷരമാല കളികൾ, | ക്ലാസ്സുകൾ ക്കനുസരിച്ച് | ഹിന്ദി അദ്ധ്യാപകർ |

പ്രവർത്തനത്തിന്റെ പേര് : ഹിന്ദി വാക്യ നിർമ്മാണം

ഉപമേഖല : ഹിന്ദി ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| വാക്യ രചന ഘടന | വാക്കുകൾ നിർമ്മാണം, Sentence ഘടന പ്രദർശിപ്പിക്കുന്ന ചാർട്ട്, നിത്യോപയോഗ സാധനങ്ങളുടെ പേര് ഹിന്ദിയിൽ പഠിക്കൽ വായന കാർഡ്. പാഠപുസ്തക വായന Picture description ICT സാധ്യതകൾ | ക്ലാസ്സുകൾക്ക നുസരിച്ച് | ഹിന്ദി അദ്ധ്യാപകർ |

പ്രവർത്തനത്തിന്റെ പേര് : ഹിന്ദി **Paragraph Writing, Diary, Letter**

**ഉപമേഖല : ഹിന്ദി ഭാഷാപഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| വാക്യ രചന ഘടന | ഹിന്ദി ഡയറി, കത്ത്, വിവരണം എന്നിവ തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ | ക്ലാസ്സുകൾക്കനുസരിച്ച് | ഹിന്ദി അദ്ധ്യാപകർ |

**പ്രവർത്തനത്തിന്റെ പേര് : ഹിന്ദി അസംബ്ലി**

**ഉപമേഖല : ഹിന്ദി ഭാഷാപഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഹിന്ദി ഭാഷ കൈകാര്യം ചെയ്യാനുള്ള കഴിവ് | ആഴ്ചയിൽ ഒരു ദിവസം കുട്ടികൾ തന്നെ അസംബ്ലിയിൽ മുഴുവൻ പരിപാടികളും ഹിന്ദിയിൽ അവതരിപ്പിക്കുക | ആഴ്ചയിൽ ഒരു ദിവസം | ഹിന്ദി അദ്ധ്യാപകർ |

**പ്രവർത്തനത്തിന്റെ പേര് : ഹിന്ദി കോർണർ**

**ഉപമേഖല : ഹിന്ദി ഭാഷാപഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഹിന്ദി ഭാഷ കൈകാര്യം ചെയ്യാനുള്ള കഴിവ് | പോസ്റ്റർ നിർമ്മാണം, സുരീലി ഹിന്ദി പ്രവർത്തനങ്ങൾ, ഹിന്ദി ദിനാചരണങ്ങൾ, പതിപ്പ് നിർമ്മാണം | പാഠഭാഗ പ്രവർത്തനങ്ങൾക്കനുസരിച്ച് | ഹിന്ദി അദ്ധ്യാപകർ |

**പ്രവർത്തനത്തിന്റെ പേര് : ഹിന്ദി വായന എഴുത്ത് പ്രോത്സാഹിപ്പിക്കൽ**

**ഉപമേഖല : ഹിന്ദി ഭാഷാപഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഹിന്ദി വായന എഴുത്ത് പ്രോത്സാഹിപ്പിക്കൽ | • ഹിന്ദി പുസ്തകങ്ങൾ,മാസികകൾ എന്നിവ വായിക്കാൻ പ്രോത്സാഹിപ്പിക്കുക<br>• ഹിന്ദിയിൽ സർഗ്ഗാത്മക രചനകൾ (കഥകൾ, കവിതകൾ) നടത്താൻ പ്രോത്സാഹിപ്പിക്കുക<br>• ഹിന്ദി പത്രം, മാഗസിനുകൾ എന്നിവ തയ്യാറാക്കാൻ പ്രോത്സാഹിപ്പിക്കുക<br>• ചിത്ര വായനയ്ക്കുള്ള അവസരം ഒരുക്കുക | എല്ലാ ദിവസവും<br>ക്ലാസ്സുകൾക്കനുസരിച്ച്<br>മാസത്തിൽ ഒരു തവണ | ഹിന്ദി അദ്ധ്യാപകർ |

പ്രവർത്തനത്തിന്റെ പേര് : ഹിന്ദിയിൽ ആശയ വിനിമയം

ഉപമേഖല : ഹിന്ദി ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ആത്മവിശ്വാസത്തോടെ ഹിന്ദിയിൽ ആശയ വിനിമയം നടത്തുന്നതിന് | ഹിന്ദി തിയേറ്റർ.റോൾ പ്ലേ, സ്കിറ്റുകൾ എന്നിവ സംഘടിപ്പിക്കുക<br>ഹിന്ദി ക്ലബ്ബ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക | ക്ലാസ്സുകൾക്കനുസരിച്ച് | ഹിന്ദി അദ്ധ്യാപകർ |

# ENGLISH

| Aim | Activity | Time | Responsibility |
|---|---|---|---|
| Improve listening comprehension and exposure to correct pronunciation | Listening audio materials -using podcasts, recorded speeches and stories, poems etc. | Daily | English teacher |
| Enhance listening skills spelling and pronunciation accuracy | Dictation and spelling practice – listening to writing down dictated passage | Daily | English teacher |
| Improve reading comprehension, critical thinking and vocabulary | Interactive reading and analysis- Reading stories, poems, and discussion and comprehension questions | Daily | English teacher |
| Enhance grammar,, sentence structure, creativity | Creative writing-Writing stories, essays and letters | According to lesson | English teacher |
| Develop confidence logical thinking and verbal expression | Group discussion and debate-Encourage students to share their opinion on given topics | According to lesson | English teacher |
| Build grammar accuracy and writing fluency | Writing practice -Sentence formation, guided writing | Daily | English teacher |
| Foster speaking fluency and confidence in public speaking | Role playing and dramatics -Acting out scenes,playing or dialogues | According to lesson | English teacher |
| Promote team work and interactive learning | Peer reviews and feedback -Reviewing and providing constructive feedback on classmates work | Daily | English teacher |
| Strengthen grammatical | Grammar and vocabulary exercise- Filling | Daily | English |

| | | | |
|---|---|---|---|
| accuracy and expand vocabulary | in blanks, sentence corrections and word formation | | teacher |
| Build summarization skills and improve focus | Summarize and note taking- Condensing stories or lessons into key points | Daily | English teacher |

## ശാസ്ത്രപഠനം

**പ്രവർത്തനത്തിന്റെ പേര്** **പ്രകൃതി നടത്തം, കൃഷി**

**ഉപമേഖല** **ശാസ്ത്രപഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| കുട്ടികളിൽ നിരീക്ഷണ പാടവം, പ്രകൃതി സ്നേഹം, കൃഷിയോടുള്ള ആഭിമുഖ്യം എന്നിവ വളർത്തുന്നതിന് | പ്രകൃതിനടത്തം, അടുക്കളത്തോട്ട നിർമ്മാണം, ഫീൽഡ് ട്രിപ്പ് , ശലഭ പാർക്ക് നിർമ്മാണം, പൂന്തോട്ട നിർമ്മാണം | പാഠഭാഗങ്ങൾക്കനുസൃതമായി | സയൻസ് ടീച്ചർ, സയൻസ് ക്ലബ് |

**പ്രവർത്തനത്തിന്റെ പേര്** **ലിറ്റിൽ സയന്റിസ്റ്റ്**

**ഉപമേഖല** **ശാസ്ത്രപഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| പരീക്ഷണങ്ങളിൽ ഏർപ്പെടാനും നിഗമനങ്ങളിൽ എത്തിച്ചേരാനും കണ്ടുപിടിത്തങ്ങളിലേർപ്പെടാനും ഉള്ള കഴിവ് കൈവരിക്കുക | ശാസ്ത്ര തത്വങ്ങൾ എളുപ്പം മനസ്സിലാക്കാൻ ഉപകരിക്കുന്ന ലഘു പരീക്ഷണങ്ങളിൽ കുട്ടികൾ ഏർപ്പെടുക, അവയുടെ പ്രവർത്തനക്രമം ചിത്രം സഹിതം ശാസ്ത്രപുസ്തകത്തിൽ രേഖപ്പെടുത്തുക, വ്യത്യസ്ത പ്രശ്നങ്ങൾ അവതരിപ്പിച്ച് പരിഹാരം കണ്ടെത്തൽ ,ശാസ്ത്രോപകരണ നിർമ്മാണം | പാഠഭാഗങ്ങൾക്കനുസൃതമായി | സയൻസ് ടീച്ചർ, സയൻസ് ക്ലബ് |

**പ്രവർത്തനത്തിന്റെ പേര് : സയൻസ് കോർണർ**

**ഉപമേഖല : ശാസ്ത്ര പഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ശാസ്ത്ര അഭിരുചി വളർത്തുന്നതിന് | ശാസ്ത്ര പുസ്തക പരിചയം, വായന, ദിനാചരണ പ്രവർത്തനങ്ങൾ, ശാസ്ത്രജ്ഞരെ പരിചയപ്പെടുത്തൽ,ശാസ്ത്രജ്ഞന്മാരുടെ | പറ്റുന്ന അവസരങ്ങളിൽ എല്ലാം | സയൻസ് ടീച്ചർ, സയൻസ് ക്ലബ് |

| | | | |
|---|---|---|---|
| | ജന്മദിനം അവരുടെ സംഭാവനകൾ രേഖപ്പെടുത്തിക്കൊണ്ട് ആചരിക്കൽ, ശാസ്ത്രവുമായി ബന്ധപ്പെട്ട ആനുകാലിക സംഭവങ്ങളുടെ അവതരണം ( ICT സാധ്യത ഉപയോഗിച്ച്), കൊളാഷ് നിർമ്മാണം | | |
| | സയൻസ് ക്ലബ്ബ് പ്രവർത്തനങ്ങൾ, ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ, കടിവെള്ള സംരക്ഷണ പ്രവർത്തനങ്ങൾ, വിവിധ തരം കമ്പോസ്റ്റിംഗ് രീതി പരീക്ഷിക്കൽ, പ്ലാസ്റ്റിക് ഉപയോഗം നിരുത്സാഹപ്പെടുത്തൽ | പാഠഭാഗങ്ങൾ ക്കനുസൃതമായി/ സാധ്യമാകുന്ന അവസരങ്ങളി ലെല്ലാം | |
| | ക്വിസ്, സെമിനാർ അവതരണം, സംവാദം, പ്രസന്റേഷൻ നിർമ്മാണം, റീൽസ് നിർമ്മാണം | പാഠഭാഗങ്ങൾ ക്കനുസൃതമായി | |
| | ശാസ്ത്ര നിർമ്മിതികളുടെ പ്രദർശനം | സെപ്റ്റംബർ | |

**പ്രവർത്തനത്തിന്റെ പേര് : ശാസ്ത്ര നാടകം**

**ഉപമേഖല : ശാസ്ത്ര പഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ശാസ്ത്ര പഠനത്തിലൂടെ സർഗാത്മക കഴിവുകൾ പരിപോഷിപ്പിക്കുക | പാഠഭാഗവുമായി ബന്ധപ്പെടുത്തി ശാസ്ത്ര നാടകങ്ങൾ അവതരിപ്പിക്കുകയും അതിന്റെ പ്രചാരണത്തിനായി ഡിജിറ്റൽ സാങ്കേതിക വിദ്യ ഉപയോഗിച്ച് പോസ്റ്റർ, നോട്ടീസ്, ക്ഷണക്കത്ത് എന്നിവ തയ്യാറാക്കൽ, | പാഠഭാഗ ങ്ങൾക്കനു സരിച്ച് | സയൻസ് ടീച്ചർ, സയൻസ് ക്ലബ് |

## <u>സാമൂഹ്യ ശാസ്ത്രപഠനം</u>

**പ്രവർത്തനത്തിന്റെ പേര് : ദിനാചരണങ്ങൾ**

**ഉപമേഖല : സാമൂഹ്യ ശാസ്ത്ര പഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| സാമൂഹ്യ ശാസ്ത്ര പഠനത്തിൽ താൽപ്പര്യം ജനിപ്പിക്കുന്നതിന് | അക്കാദമിക വർഷത്തിലെ സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട ദിനങ്ങളുടെ ആചരണം, ക്വിസ്, സാമൂഹ്യ ശാസ്ത്ര | ദിനാചരണ ങ്ങൾക്കനു സൃതമായി/ ക്ലാസ്സുകൾ | സാമൂഹ്യ ശാസ്ത്ര ടീച്ചർ , സാമൂഹ്യ ശാസ്ത്ര ക്ലബ് |

| | | | |
|---|---|---|---|
| | ലാബിന്റെ ഉപയോഗം, Marble , stellerium പോലുള്ള ഐ.സി.ടി. സാധ്യതകളുടെ ഉപയോഗം | ക്കനുസരിച്ച് | |

**പ്രവർത്തനത്തിന്റെ പേര് : മോക്ക് പാർലമെന്റ്**

**ഉപമേഖല : സാമൂഹ്യ ശാസ്ത്ര പഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ജനാധിപത്യ മൂല്യങ്ങൾ വളർത്തിയെടുക്കുന്നതിന് | പ്രകടന പത്രിക, മീറ്റ് ദി കാൻഡിഡേറ്റ്, Voting machine വച്ചുള്ള വോട്ടെടുപ്പ്, എന്നിവയിലൂടെ സ്കൂൾ പാർലമെന്റ് രൂപീകരിക്കൽ | ഓഗസ്റ്റ് മാസം | സാമൂഹ്യ ശാസ്ത്ര ടീച്ചർ, സാമൂഹ്യ ശാസ്ത്ര ക്ലബ്, |

**പ്രവർത്തനത്തിന്റെ പേര് : ശാസ്ത്ര വായന**

**ഉപമേഖല : സാമൂഹ്യ ശാസ്ത്ര പഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| സാമൂഹ്യ ശാസ്ത്രാഭിരുചി വളർത്തുന്നതിന് | അധിക വായനയ്ക്ക് ഉപകരിക്കുന്ന സാമൂഹ്യ ശാസ്ത്ര ലേഖനങ്ങൾ, അറ്റ്ലസ്, ഇയർ ബുക്കുകൾ എന്നിവ നൽകുക | ലൈബ്രറി പിരീഡുകൾ | സാമൂഹ്യ ശാസ്ത്ര ടീച്ചർ |

**പ്രവർത്തനത്തിന്റെ പേര് : ഭൂപടം അടയാളപ്പെടുത്തൽ**

**ഉപമേഖല : സാമൂഹ്യ ശാസ്ത്ര പഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഭൂപടങ്ങൾ അടയാളപ്പെടുത്തുന്നതിലൂടെ ഭൂമി ശാസ്ത്രപരമായ അറിവുകൾ ആർജ്ജിക്കുന്നതിന് | ഭൂപടങ്ങൾ അടയാളപ്പെടുത്തുക | ക്ലാസ്സുകൾക്കനുസരിച്ച് | സാമൂഹ്യ ശാസ്ത്ര ടീച്ചർ |

**പ്രവർത്തനത്തിന്റെ പേര് : പഠിതാക്കളെ ചരിത്ര ബോധമുള്ളവരാക്കുക**

**ഉപമേഖല : സാമൂഹ്യ ശാസ്ത്ര പഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| പഠിതാക്കളെ ചരിത്ര ബോധമുള്ളവരാക്കുക | ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പ്, ഐ.സി.ടി. സാധ്യത ഉപയോഗിച്ച് ചരിത്ര സംഭവങ്ങളുടെ അവതരണം, | ക്ലാസ്സുകൾക്കനുസരിച്ച് | സാമൂഹ്യ ശാസ്ത്ര ടീച്ചർ |

# ഗണിതം

**പ്രവർത്തനത്തിന്റെ പേര് : ഗണിതം മധുരം**

**ഉപമേഖല : ഗണിതം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| സംഖ്യ പരിചയം നേടുക | സംഖ്യ ചാർട്ടുകൾ, ഡൈസ്, സംഖ്യ സ്ലിപ്പുകൾ, സംഖ്യ കേളി, സംഖ്യ മാല, പദസൂര്യൻ ഇവയുടെ നിർമ്മാണം. | ക്ലാസ്സുകൾക്കനുസരിച്ച് | ഗണിത അദ്ധ്യാപിക |

**പ്രവർത്തനത്തിന്റെ പേര് : ചതുഷ്ക്രിയകൾ ഉറപ്പിക്കൽ**

**ഉപമേഖല : ഗണിതശാസ്ത്ര പഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| സങ്കലനം, വ്യവകലനം, ഗുണനം, ഹരണം ഉറപ്പിക്കൽ | നമ്പർ കാർഡ്, മഞ്ചാടിക്കുരു മുത്തുകൾ, ഫ്ളാഷ് കാർഡ് ഇടങ്ങിയവ ഉപയോഗിച്ച് കളിരീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കൽ. | പാഠ ഭാഗങ്ങൾക്കനുസരിച്ച് | ഗണിത അദ്ധ്യാപിക |

**പ്രവർത്തനത്തിന്റെ പേര് : ഗണിതം മധുരം**

**ഉപമേഖല : ഗണിത പഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| സമയം പരിചയപ്പെടുന്നതിന് | ക്ലോക്ക് നിർമ്മാണം | ജൂൺ മാസം | ഗണിത അദ്ധ്യാപിക |

**പ്രവർത്തനത്തിന്റെ പേര് : ജ്യാമിതീയ രൂപങ്ങൾ**

**ഉപമേഖല : ഗണിതശാസ്ത്ര പഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണവും സവിശേഷതകളും പരിചയപ്പെടുത്തുക | ജ്യാമിതീയ രൂപങ്ങൾ ഒറിഗാമിയിലൂടെ നിർമ്മിക്കൽ, ജ്യാമിതീയ രൂപങ്ങൾ പരിചയപ്പെടുത്തുന്നതിന് ഗണിത ലാബ് പ്രയോജനപ്പെടുത്തൽ, ഐ.ടി. സാധ്യതകൾ ഉപയോഗപ്പെടുത്തി ജ്യാമിതീയ രൂപങ്ങൾ, കോണളവുകൾ എന്നിവയുടെ പഠനം | പാഠ ഭാഗങ്ങൾക്കനുസരിച്ച് | ഗണിത അദ്ധ്യാപിക |

| | | | |
|---|---|---|---|
| | കാര്യക്ഷമമാക്കൽ, ഗണിത ശിൽപ്പശാല | | |

## LP - UP തലം സംയുക്ത പ്രവർത്തനങ്ങൾ

**പ്രവർത്തനത്തിന്റെ പേര് : വിലയിരുത്തൽ**

**ഉപമേഖല : ഗണിതശാസ്ത്ര പഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഡിജിറ്റൽ സങ്കേതങ്ങൾ കൈകാര്യം ചെയ്യുന്നതിനും മറ്റ് വിഷയങ്ങളുടെ പാഠ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാൻ തക്ക വിധം കുട്ടികളെ പ്രാപ്തരാക്കുക | **LP**<br>Painting software, വിവിധ വിഷയങ്ങളുമായി ബന്ധപ്പെടുത്തി റീൽസ്<br>**UP**<br>MS ഓഫീസ്, ഇന്റർനെറ്റ്, ഡിജിറ്റൽ പെയിംന്റിംഗ്, വിവിധ വിഷയങ്ങളുമായി ബന്ധപ്പെടുത്തി റീൽസ് നിർമ്മാണം, ഡിജിറ്റൽ ഡോക്യുമെന്റേഷൻ തയ്യാറാക്കൽ, പ്രസന്റേഷൻ നിർമ്മാണം, പോസ്റ്റർ നിർമ്മാണം, മലയാളം ടൈപ്പിംഗ്,ഫോൾഡർ നിർമ്മാണം, ഡിജിറ്റൽ മാഗസിൻ നിർമ്മാണം | പാഠ ഭാഗങ്ങൾക്കനു സരിച്ച് | ക്ലാസ്സ് ടീച്ചർ |

**പ്രവർത്തനത്തിന്റെ പേര് : വിവര സാങ്കേതിക വിദ്യയുടെ ഉപയോഗം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഡിജിറ്റൽ സങ്കേതങ്ങൾ കൈകാര്യം ചെയ്യുന്നതിനും മറ്റ് വിഷയങ്ങളുടെ പാഠ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാൻ തക്ക വിധം കുട്ടികളെ പ്രാപ്തരാക്കുക | **LP**<br>Painting software, വിവിധ വിഷയങ്ങളുമായി ബന്ധപ്പെടുത്തി റീൽസ്<br>**UP**<br>MS ഓഫീസ്, ഇന്റർനെറ്റ്, ഡിജിറ്റൽ പെയിംന്റിംഗ്, വിവിധ വിഷയങ്ങളുമായി ബന്ധപ്പെടുത്തി റീൽസ് നിർമ്മാണം, ഡിജിറ്റൽ ഡോക്യുമെന്റേഷൻ തയ്യാറാക്കൽ, പ്രസന്റേഷൻ നിർമ്മാണം, പോസ്റ്റർ നിർമ്മാണം, മലയാളം ടൈപ്പിംഗ്,ഫോൾഡർ നിർമ്മാണം, ഡിജിറ്റൽ മാഗസിൻ നിർമ്മാണം | പാഠ ഭാഗങ്ങൾക്കനു സരിച്ച് | ക്ലാസ്സ് ടീച്ചർ |

**ആരോഗ്യ കായിക കലാ  തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| എല്ലാ വിഷയവും  കലാകായിക തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസവുമായി സമന്വയിപ്പിച്ച് പഠനപ്രവർത്തനങ്ങളും പരിഹാരബോധന പ്രവർത്തനങ്ങളും ഫലപ്രദമാക്കുക | പാഠ ഭാഗവുമായി ബന്ധപ്പെടുത്തി -<br>**കലാവിദ്യാഭ്യാസം**<br>• വ്യത്യസ്ത തരത്തിലുള്ള നാടക അവതരണം നാടൻ പാട്ട്<br>• കവിത<br>• നൃത്തം<br>• റോൾ പ്ലേ<br>• സാഹിത്യകാരൻമാരെ അവതരിപ്പിക്കൽ<br>• കഥാകഥനം<br>• ദൃശ്യാവിഷ്കാരം നാടൻ കലകളുടെ അവതരണം<br>• കലാകാരൻമാരെ പങ്കെടുപ്പിച്ചു കൊണ്ടുള്ള ശില്പശാല<br>• അഭിമുഖങ്ങൾ<br>**ആരോഗ്യ കായിക വിദ്യാഭ്യാസം**<br>• യോഗ<br>• Zumba dance,<br>• വ്യായാമ മുറകൾ<br>• കായിക പ്രവർത്തനങ്ങൾ,<br>• ശുചിത്വ സർവ്വേ<br>• ആരോഗ്യ ബോധവൽക്കരണ ക്ലാസ്സുകൾ<br>• കായിക പരിശീലന  ക്ലാസ്സുകൾ, ആരോഗ്യ പ്രവർത്തകരുമായി അഭിമുഖങ്ങൾ<br>**തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം**<br>• Puppet നിർമ്മാണം<br>• stuffed toys നിർമ്മാണം<br>• Waste materials ഉപയോഗിച്ച് അലങ്കാര വസ്തുക്കൾ നിർമ്മാണം<br>• പൂന്തോട്ട നിർമ്മാണം<br>• ലംബകൃഷി പോലുള്ള കൃഷിരീതികൾ ഉപയോഗിച്ച് പച്ചക്കറിത്തോട്ട | പാഠഭാഗ ങ്ങൾക്കനു സരിച്ച് പറ്റുന്ന അവസരങ്ങ ളിൽ എല്ലാം | ക്ലാസ്സ് ടീച്ചർ |

| | | | |
|---|---|---|---|
| | നിർമ്മാണം,<br>• ഒറിഗാമി,<br>• ഇലക്ട്രിക് വർക്കുകൾ<br>• പ്രാദേശികമായുള്ള സാധ്യത ഉപയോഗിച്ച് തൊഴിൽ പരിശീലന ക്ലാസ്സുകൾ സംഘടിപ്പിക്കുക<br>(പ്രവർത്തനങ്ങൾക്ക് ഐ.സി.ടി. സാധ്യത പരമാവധി പ്രയോജനപ്പെടുത്തുക) | | |

**പ്രവർത്തനത്തിന്റെ പേര് : സ്കൂൾ റേഡിയോ**

**ഉപമേഖല : ഭാഷാപഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പു വരുത്തുക | സ്കൂൾ റേഡിയോ<br>ആനുകാലിക വിഷയങ്ങളും, സ്കൂൾതല പ്രവർത്തനങ്ങളും ആധാരമാക്കിയുള്ള വാർത്തകളും കവിതാലാപനം, കഥാകഥനം, സ്കിറ്റ് അവതരണം,ബോധവൽക്കരണ പരിപാടികൾ ഇടങ്ങിയവ സ്കൂൾ റേഡിയോ വഴി അവതരിപ്പിക്കൽ (മലയാളം,ഹിന്ദി, ഇംഗ്ലീഷ്) | എല്ലാ ദിവസവും | ക്ലാസ്സ് ടീച്ചർ |

**പ്രവർത്തനത്തിന്റെ പേര് : ബുള്ളറ്റിൻ ബോർഡ്**

**ഉപമേഖല : ആനുകാലിക വാർത്തകൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ആനുകാലിക അറിവുകൾ അപ്ഡേറ്റ് ചെയ്യൽ | • എല്ലാ കുട്ടികൾക്കും കാണുന്ന രീതിയിൽ നോട്ടീസ് ബോർഡിൽ വാർത്തകൾ, പ്രദർശിപ്പിക്കുക<br>• മാസാവസാനം *പത്രവാർത്താ ക്വിസ്* നടത്തി വിജയികളെ തിരഞ്ഞെടുക്കുക | പാഠ ഭാഗങ്ങൾക്കനു സരിച്ച് | ക്ലാസ്സ് ടീച്ചർ |

**പ്രവർത്തനത്തിന്റെ പേര് : പഠന പിന്തുണ പ്രവർത്തനങ്ങൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| പഠന പിന്തുണ ആവശ്യമായ കുട്ടികളിൽ ആത്മ വിശ്വാസം വളർത്തി പഠന പ്രവർത്തനങ്ങളിൽ താൽപ്പര്യം ജനിപ്പിക്കുന്നതിന് | • ഇംഗ്ലീഷ്, ഹിന്ദി, മലയാളം ഭാഷകളിൽ kids stories I C T സാധ്യത ഉപയോഗിച്ച് കാണിച്ചു കൊടുക്കുക<br>• അക്ഷരങ്ങളുടെ വീഡിയോ പ്രദർശനം, ഫ്ലാഷ് കാർഡ്, അക്ഷര കാർഡ് എന്നിവയുടെ ഉപയോഗം<br>• Word Wall, ആൽബം നിർമ്മാണം<br>• സഹപാഠികളുടെ സഹായം ഉറപ്പു വരുത്തൽ<br>• വാക്കുകൾ, വാക്യങ്ങൾ എന്നിവ നിർമ്മിക്കാനുള്ള വർക്ക് ഷീറ്റുകൾ നൽകൽ<br>• ആവർത്തന പഠനം പ്രോത്സാഹിപ്പിക്കൽ<br>• ആശയങ്ങൾ ലളിതവൽക്കരിച്ച് നൽകൽ<br>• പരമാവധി അവസരങ്ങളിൽ ലഘുവായ TLM ത്തിന്റെ ഉപയോഗം<br>• I C T സാധ്യത ഉപയോഗിച്ച് പാഠഭാഗങ്ങളുടെ അവതരണം<br>• സർഗാത്മക കഴിവുകൾ കണ്ടെത്തി പ്രോത്സാഹനം നൽകൽ<br>• നമ്പർ കാർഡ്, മഞ്ചാടിക്കുരു മുത്തുകൾ, ഫ്ളാഷ് കാർഡ് തുടങ്ങിയവ ഉപയോഗിച്ച് കളിരീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കൽ.<br>• വിദഗ്ദരായ അതിഥി അദ്ധ്യാപകരുടെ സേവനം | ജൂൺ മാസം | ക്ലാസ്സ് ടീച്ചർ |

**പ്രവർത്തനത്തിന്റെ പേര് : പ്രതിഭാ പരിപോഷണ പരിപാടികൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| പ്രതിഭാ പരിപോഷണം | • വിദഗ്ദരായ അതിഥി അദ്ധ്യാപകരുടെ സേവനം<br>• പഠന യാത്രകൾ<br>• LSS, USS എന്നിവയ്ക്ക് സമയബന്ധിതമായ പരിശീലന ക്ലാസ്സുകൾ<br>• STEPS, NuMaths, എന്നിവയ്ക്ക് | ജൂൺ മാസം മുതൽ ആരംഭിക്കുന്നു | സ്കൂൾതല ക്ലബ്ബുകൾ, പി റ്റി എ, എസ് ആർ ജി, അദ്ധ്യാപകർ |

| | | | |
|---|---|---|---|
| | സമയബന്ധിതമായ പരിശീലന ക്ലാസ്സുകൾ<br>• കലാ സാംസ്കാരിക സ്ഥാപനങ്ങൾ, ശാസ്ത്ര ഗവേഷണ സ്ഥാപനങ്ങൾ എന്നിവയുമായി ബന്ധപ്പെടുത്തിയുള്ള പഠന പരിപാടികൾ<br>• സംവാദം, സെമിനാർ, അഭിമുഖങ്ങൾ എന്നിവ സംഘടിപ്പിക്കൽ<br>• ഇൻസ്പെയർ അവാർഡ്, ഇന്നോവേഷൻ മാരത്തോൺ എന്നിവയിലെ പങ്കാളിത്തം പ്രോത്സാഹിപ്പിക്കുക<br>• ക്വിസ്, മറ്റ് വിവിധ മത്സര പരീക്ഷകൾ എന്നിവയിലെ പങ്കാളിത്തം പ്രോത്സാഹിപ്പിക്കുക, പരിശീലനം നൽകുക | | |

**പ്രവർത്തനത്തിന്റെ പേര് : പോഷകാഹാര- പരിപാടികൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| കുട്ടികൾക്ക് ശുദ്ധവും പോഷക സമൃദ്ധവുമായ ഭക്ഷണം നൽകുന്നതിന് | **പി.റ്റി എ. സഹകരണത്തോടെ**<br>• സ്കൂൾ പച്ചക്കറി തോട്ട നിർമ്മാണം<br>• വ്യത്യസ്ത വിഭവങ്ങൾ ഉൾപ്പടുത്തിയ ഉച്ചഭക്ഷണം | ജൂൺ മാസം<br>എല്ലാ ദിവസവും | പി.ടി.എ, HM, നൂൺമീൽ കമ്മിറ്റി |

**പ്രവർത്തനത്തിന്റെ പേര് : സാമൂഹിക പങ്കാളിത്തം ഉറപ്പു വരുത്തൽ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| സാമൂഹിക പങ്കാളിത്തം ഉറപ്പു വരുത്തൽ | • പി റ്റി എ ശക്തിപ്പെടുത്തൽ<br>• എസ്.എം.സി.<br>• വിദ്യാലയ വികസന സമിതി<br>• **സുദൃഢമായ എൽ.എസ്.ജി. ബന്ധം**<br>• **ഗ്രന്ഥ ശാലകൾ, ക്ലബ്ബുകൾ, സന്നദ്ധ സംഘടനകൾ**<br>ഗ്രന്ഥ ശാല സ്കൂളിലേക്ക്, കൂടാതെ ക്ലബ്ബുകൾ, | ജൂൺ മാസം<br>2 മാസത്തിൽ ഒരു തവണ | എച്ച്.എം, എസ് ആർ ജി കൺവീനർ, പി റ്റി എ |

| | | | |
|---|---|---|---|
| | സന്നദ്ധ സംഘടനകൾ എന്നിവയിൽ നിന്ന് സ്പോൺസർഷിപ്പ് വഴി വിദ്യാലയ വികസന പ്രവർത്തനങ്ങൾ നടത്തുക<br>• **വിദ്യാഭ്യാസ പ്രവർത്തകർ, പൂർവ്വാധ്യാപകർ, സഹകരണ സ്ഥാപനങ്ങൾ, വ്യവസായ ഗ്രൂപ്പുകൾ എന്നിവരുടെ സേവനം പ്രയോജനപ്പെടുത്തൽ**<br>• **ഭവന സന്ദർശനം**<br>അദ്ധ്യാപകരും പി റ്റി എ അംഗങ്ങളും ഭവന സന്ദർശനം, അങ്കണവാടി സന്ദർശനം എന്നിവ കൃത്യമായ ഇടവേളകളിൽ നടത്തുക<br>• **വിദ്യാലയ മികവുകൾ പൊതുസമൂഹവുമായി പങ്കിടൽ**<br>പഠനപ്രവർത്തനങ്ങളുടെ ഫലമായുണ്ടാകുന്ന ഉത്പന്നങ്ങൾ പരിചയപ്പെടുത്തൽ, മികവുകൾ പ്രദർശനം<br>• **പൂർവ്വ വിദ്യാർത്ഥി സംഘടനകൾ**<br>പൂർവ്വ വിദ്യാർത്ഥി സംഗമങ്ങൾ സംഘടിപ്പിക്കുക, വിദ്യാലയ വികസന സമിതി പ്രവർത്തനങ്ങളിൽ പങ്കാളിത്തം ഉറപ്പു വരുത്തുക<br>• **ക്ലാസ്സ് പി.റ്റി.എ. മാതൃകപരമാക്കുന്ന തിനുള്ള നടപടികൾ**<br>കുട്ടികൾ തന്നെ ക്ലാസ്സ് പി.റ്റി.എ. conduct ചെയ്യുക<br>കുട്ടികളുടെ പഠന ഉല്പന്നങ്ങൾ ക്ലാസ്സ് പി.റ്റി.എ. യിൽ പ്രദർശിപ്പിക്കുക, | മാസത്തിൽ ഒരു തവണ<br><br>വർഷത്തിൽ ഒരു തവണ<br><br>എല്ലാ മാസവും | |

**പ്രവർത്തനത്തിന്റെ പേര്** : **മാലിന്യ സംസ്കരണം**

**ഉപമേഖല** : **ഭൗതികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ശുചിത്വമുള്ള അന്തരീക്ഷം | ജൈവമാലിന്യങ്ങളും അജൈവമാലിന്യങ്ങളും സംസ്കരിക്കുന്നതിനുള്ള ക്രമീകരണം സൗകര്യപ്രദമായ സ്ഥലത്ത് ഒരുക്കൽ | ഒരു വർഷം | എൻ.എസ്. ജി. ഡി. |

**പ്രവർത്തനത്തിന്റെ പേര്  : ലഹരി -മൊബൈൽ അഡിക്ഷൻ പ്രതിരോധ പ്രവർത്തനങ്ങൾ**

**ഉപമേഖല : ശാരീരിക ,മാനസിക ആരോഗ്യ ബോധവൽക്കരണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ലഹരി - മൊബൈൽ അഡിക്ഷൻ എന്നീ ആസക്തികളെക്കുറിച്ചുള്ള ബോധവും പ്രതിരോധശേഷിയും വളർത്തുക | • ബോധവൽക്കരണ ക്ലാസ്സുകൾ, പോസ്റ്റർ നിർമ്മാണം, വീഡിയോ പ്രദർശനം എന്നിവ വഴി കുട്ടികളിൽ അവബോധം വളർത്തുന്നു.<br>• ലഹരി വിരുദ്ധ മുദ്രാഗീതങ്ങൾ രചിക്കുക<br>• ലഹരി വിരുദ്ധ സന്ദേശങ്ങൾ പൊതു ഇടങ്ങളിൽ അവതരിപ്പിക്കുക | അധ്യായന വർഷാരംഭം,<br><br>പറ്റുന്ന അവസരങ്ങളിൽ | ആരോഗ്യ വകുപ്പ്, പോലീസ്, SITC |

**സമഗ്ര പുരോഗതി രേഖ**

കുട്ടിയുടെ മാർക്ക്, ബുദ്ധിപരമായ കഴിവ്. സാമൂഹികമായ പെരുമാറ്റം, സൃഷ്ടിപരമായ കഴിവുകൾ, മാനസിക സ്ഥിതികൾ, ശാരീരിക ക്ഷമത തുടങ്ങിയവ  ഉൾക്കൊള്ളുന്ന രേഖയാണ് സമഗ്ര പുരോഗതി രേഖ. ഈ രേഖ ഓരോ ക്ലാസ്സിനും തുടർച്ചയായി പുതുക്കപ്പെടുകയും അടുത്ത ക്ലാസ്സിലേക്ക് കൈമാറ്റം ചെയ്യപ്പെടുകയും വേണം

പ്രവർത്തന ഘട്ടങ്ങൾ

**രേഖയുടെ രൂപരേഖ തയ്യാറാക്കൽ**

പ്രധാന മേഖലകൾ

വൈജ്ഞാനികം
- വൈകാരികം
- സാമൂഹികം
- ശാരീരികം
- മാനസികം
- ആശയ വിനിമയ ക്ഷമത
- സഹപാഠികളുമായുള്ള ഇടപെടൽ

**വിലയിരുത്തലിന്റെ ഘടകങ്ങൾ നിർണ്ണയിക്കൽ**

- ഓരോ മേഖലയിലേയും നിരീക്ഷണ  രേഖകൾ
- അദ്ധ്യാപക കമന്റുകൾ/ PTA വിലയിരുത്തൽ
- ക്ലാസ്സ് പ്രവർത്തനങ്ങൾ, പ്രദർശനങ്ങൾ, അർഹതകൾ

**കാലക്രമാനുസൃതമായി  രേഖപ്പെടുത്തൽ**

- മാസപരവും പാദപരവും ആയി നിരീക്ഷണങ്ങളും വിലയിരുത്തലുകളും രേഖപ്പെടുത്തുക
- കുട്ടിയുടെ  സ്വഭാവ വ്യത്യാസങ്ങൾ വളർച്ചാ പടവുകൾ എന്നിവ ഇടപെടലുകൾക്കനുസൃതമായി രേഖപ്പെടുത്തുക

**പുതിയ ക്ലാസ്സിലേക്ക് കൈമാറ്റം**

**അക്കാദമിക മോണിട്ടറിംഗ്**

കുട്ടികളുടെ പഠനപുരോഗതി ഉറപ്പു വരുത്തുന്നതിനായി അദ്ധ്യാപകരുടെ ആസൂത്രണം, ക്ലാസ്സ് മുറിയിലെ ഇടപെടലുകൾ, കുട്ടികളുടെ പങ്കാളിത്തം എന്നിവയുടെ ശാസ്ത്രീയ അവലോകനമായ മോണിറ്ററിംഗ് ഫലപ്രദമാക്കാൻ

- ഉദ്യോഗസ്ഥ തലത്തിലുള്ള മോണിട്ടറിംഗ് സ്കൂൾ തലം മുതൽ ശക്തമാക്കുന്നു
- സോഷ്യൽ മോണിട്ടറിംഗ് (പി.ടി.എ, എം.പി.ടി.എ, ഒ.എസ്.എ, എസ്.എം.സി. എന്നിവരെ ഉൾപ്പെടുത്തി) നടപ്പിലാക്കണം
- ദൈനംദിന മോണിട്ടറിംഗ് എച്ച്.എം, എസ് ആർ ജി കൺവീനർ, സീനിയർ അസിസ്റ്റന്റ് , പി ടി എ പ്രസിഡന്റ് എന്നിവരുടെ നേതൃത്വത്തിൽ നടത്താം.

**ഉപസംഹാരം**

ഈ അക്കാദമിക മാസ്റ്റർ പ്ലാൻ സ്കൂളിന്റെ പാഠ്യപാഠ്യേതര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട കൃത്യമായ ദിശാബോധത്തോടെ തയ്യാറാക്കിയതാണ്. കുട്ടികളുടെ സർവ്വതോന്മുഖമായ വികാസമാണ് വിദ്യാഭ്യാസം കൊണ്ട് ലക്ഷ്യമാക്കുന്നത്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ് എന്ന ആശയം പൂർണ്ണമായും പ്രാവർത്തികമാക്കാൻ ഈ അക്കാദമിക മാസ്റ്റർ പ്ലാനിൽ രേഖപ്പെടുത്തിയ പ്രവർത്തനങ്ങളിലൂടെ സാധിക്കും എന്ന് വിശ്വസിക്കുന്നു.



Poster Maker